Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

No. KITE/2019/1631 (5) തീയതി : 19.02.2019

# സർക്കുലർ

വിഷയം:- **കൈറ്റ് - പ്രൈമറി സ്കൂൾ ഹൈടെക് ലാബ് - സ്കൂളുകളിൽ നിലവിലുള്ള ഹൈടെക് ഉപകരണങ്ങളുടെയും ഭൗതിക സൗകര്യങ്ങളുടെയും നിജസ്ഥിതി കണ്ടെത്തുന്നതിന് പ്രാഥമിക വിവരശേഖരണം നടത്തുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സൂചന:-
1. സ.ഉ.(സാധാ) നം 4743/2018/പൊ.വി.വ. തീയതി 13.11.2018.
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 01.12.2018-ലെ എൻ.ഇ.പി.3/64484/2018/ഡിപിഐ നമ്പർ സർക്കുലർ
3. കിഫ്ബി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 04.02.2019-ലെ GED001-01/APR-2/2019/KIIFB നമ്പർ നടപടി ഉത്തരവ്.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ പ്രൈമറി, അപ്പർപ്രൈമറി വിഭാഗം സ്കൂളുകളിലും കമ്പ്യൂട്ടർ ലാബുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി രേഖയ്ക്ക് സൂചന 1 പ്രകാരം ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഒന്നു മുതൽ ഏഴുവരെ ക്ലാസുകളുള്ള സ്കൂളുകളിൽ ഐടി സർവെ നടത്താൻ സൂചന 2 പ്രകാരം കൈറ്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സൂചന 3 പ്രകാരം പ്രൈമറി വിദ്യാലയങ്ങളിൽ ഹൈടെക് ലാബ് സജ്ജമാക്കുന്നതിന് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ പ്രൈമറി വിഭാഗം സ്കൂളുകളിൽ നിലവിലുള്ള ഹൈടെക് ഉപകരണങ്ങളുടെയും ഭൗതിക സൗകര്യങ്ങളുടെയും നിജസ്ഥിതി കണ്ടെത്തുന്നതിന് വിവരശേഖരണം നടത്തുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. സംസ്ഥാനത്തെ എല്ലാ സർക്കാർ, എയിഡഡ് പ്രൈമറി വിഭാഗം ***(ലോവർ പ്രൈമറി, അപ്പർപ്രൈമറി, ഹൈസ്കൂൾ അറ്റാച്ച്ഡ് പ്രൈമറി)*** വിദ്യാലയങ്ങളിലും 2019 ഫെബ്രുവരി 22 മുതൽ 28 വരെ കൈറ്റ് തയ്യാറാക്കിയ പ്രൊഫോർമ ഉപയോഗിച്ച് വിവര ശേഖരണം നടത്തേണ്ടതാണ്.

2. വിവരശേഖരണ ഫോറത്തിന്റെ മാതൃക കൈറ്റ് വെബ്സൈറ്റിൽ (www.kite.kerala.gov.in) പ്രസിദ്ധീകരിച്ചിട്ടുണ്ട്. എല്ലാ പ്രഥമാധ്യാപകരും ഫോറത്തിന്റെ പ്രിന്റൗട്ടെടുത്ത് വിശദാംശങ്ങൾ രേഖപ്പെടുത്തി ഉപജില്ലാതലത്തിൽ കൈറ്റ് വിളിച്ചുചേർക്കുന്ന യോഗത്തിൽ സമർപ്പിക്കേണ്ടതാണ്.

3. വിവരശേഖരണം സംബന്ധിച്ച കാര്യങ്ങൾ വിശദീകരിക്കുന്നതിനായി ഉപജില്ലാതലത്തിൽ പ്രഥമാധ്യാപകരുടെ യോഗം വിളിക്കേണ്ടതും പ്രഥമാധ്യാപകർ സമർപ്പിക്കുന്ന ഫോറത്തിൽ വിശദീകരണത്തിന് ശേഷം ആവശ്യമെങ്കൽ മാറ്റം വരുത്തി ശേഖരിക്കേണ്ടതുമാണ്.

4. പ്രഥമാധ്യാപകരിൽ നിന്ന് വിവരശേഖരണം പൂർത്തിയാക്കിയ ശേഷം ഉപജില്ലയുടെ ചുമതലയുള്ള മാസ്റ്റർട്രെയിനർ ഓരോ വിദ്യാലയത്തിന്റേയും സർവെ വിശദാംശങ്ങൾ ഓൺലൈനായി സമർപ്പിക്കേണ്ടതാണ്.

5. വിവരശേഖരണത്തിന് നിർദ്ദേശിച്ചിരിക്കുന്ന സമയപരിധിക്കുള്ളിൽ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് പ്രൈമറി വിഭാഗമുള്ള എല്ലാ സ്കൂൾ പ്രഥമാധ്യാപകരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. തുടർന്ന് കൈറ്റിന്റെ നേതൃത്വത്തിൽ പ്രത്യേക സ്കൂൾ സർവെ നടത്തുന്നതാണ്.

6. സമയബന്ധിതമായി സർവേഫോറത്തിൽ കൃത്യമായ വിവരം പ്രഥമാധ്യാപകർ നൽകേണ്ടതാണ്.

7. വിദ്യാഭ്യാസ ഉപജില്ലയുടെ ചുമതലയുള്ള കൈറ്റ് മാസ്റ്റർട്രെയിനർ ടി പ്രവർത്തനങ്ങൾ യഥാസമയം പൂർത്തിയാക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഒരുക്കേണ്ടതും ജില്ലാ കോർഡിനേറ്റർ ഇത് ഉറപ്പുവരുത്തേണ്ടതുമാണ്.

**കെ. അൻവർ സാദത്ത്**
(വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ)

പൊതുവിദ്യാഭ്യാസ ഡയറക്ടർ - അറിവിലേയ്ക്ക് (ആമുഖകത്ത് സഹിതം)

പ്രൈമറി വിഭാഗമുള്ള ***(ലോവർ പ്രൈമറി, അപ്പർപ്രൈമറി, ഹൈസ്കൂൾ അറ്റാച്ച്ഡ് പ്രൈമറി)*** എല്ലാ സർക്കാർ, എയ്ഡഡ് സ്കൂൾ പ്രഥമാധ്യാപകർക്കും (ജില്ലാ കോ-ഓർഡിനേറ്റർ മുഖേന)

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ/ജില്ലാവിദ്യാഭ്യാസ ഓഫീസർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (ജില്ലാ കോ-ഓർഡിനേറ്റർ മുഖേന)

കൈറ്റിലെ എല്ലാ ജില്ലാകോർഡിനേറ്റർമാർ/മാസ്റ്റർ ട്രെയിനർ കോ-ഓർഡിനേറ്റർ/ മാസ്റ്റർ ട്രെയിനർമാർക്കും

സ്റ്റോക് ഫയൽ

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

## പ്രൈമറിവിഭാഗം വിദ്യാലയങ്ങളിൽ ഹൈടെക് ലാബ് സജ്ജമാക്കൽ - വിവരശേഖരണം

| | |
|---|---|
| 1 | സ്കൂൾ കോഡ് : |
| 2 | സ്കൂളിന്റെ പേര് : |
| 3 | സ്കൂളിലെ ആകെ മുറികളുടെ എണ്ണം (ക്ലാസ്, ഓഫീസ്, ലാബ്,ലൈബ്രറി, ഭക്ഷണ മുറി, സ്റ്റാഫ് റൂം ഉൾപ്പെടെ) ***(അടുത്ത പേജിൽ നൽകിയിരിക്കുന്ന വിശദീകരണം പരിശോധിക്കുക)*** |

| വിഭാഗം | എ | ബി | സി | ഡി | സ്കൂളിലെ ആകെ മുറികൾ *(എ+ ബി+ സി+ ഡി)* |
|---|---|---|---|---|---|
| | വൈദ്യുതീകരിച്ചതും സുരക്ഷിതത്വമുള്ളതുമായ മുറികളുടെ എണ്ണം | വൈദ്യുതീകരിച്ചതും സുരക്ഷിതത്വം ഇല്ലാത്തതുമായ മുറികളുടെ എണ്ണം | സുരക്ഷിതത്വമുള്ളതും വൈദ്യുതീകരിക്കാത്തതുമായ മുറികളുടെ എണ്ണം | മറ്റുവിഭാഗത്തിൽ മുറികളുണ്ടെങ്കിൽ അവയുടെ എണ്ണം | |
| ഹൈസ്കൂളിലെ പ്രൈമറിവിഭാഗം | | | | | |
| പ്രൈമറി | | | | | |

| | | | |
|---|---|---|---|
| 3.1 | പ്രൈമറിവിഭാഗത്തിൽ സുരക്ഷിതത്വമുള്ളതും വൈദ്യുതീകരിക്കാത്തതുമായ മുറികളുണ്ടെങ്കിൽ അവ വൈദ്യുതീകരിക്കാൻ സ്കൂൾ സന്നദ്ധമാണോ? | ആണ് | അല്ല |
| 4 | നിലവിൽ പ്രൈമറിസ്കൂളിന്/ വിഭാഗത്തിന് പ്രത്യേകമായി കമ്പ്യൂട്ടർ ലാബ് ഉണ്ടോ | ഉണ്ട് | ഇല്ല |
| 4.1 | ഉണ്ടെങ്കിൽ മുകളിലെ എ /ബി ഇവയിൽ ഏത് വിഭാഗത്തിലാണ് | എ | ബി |
| 5 | നിലവിൽ പ്രൈമറിവിഭാഗത്തിൽ ഉപയോഗയോഗ്യമായ ഉപകരണങ്ങളുടെ എണ്ണം (5 വർഷത്തിൽ താഴെ പഴക്കമുള്ളത്) | | |

| ഡെസ്ക്ടോപ്പ് | ലാപ്ടോപ്പ് | പ്രൊജക്ടർ | പ്രിന്റർ | ടെലിവിഷൻ |
|---|---|---|---|---|
| | | | | |

| | |
|---|---|
| 6 | നിലവിലുള്ളവക്കുപുറമേ പ്രൈമറിവിഭാഗത്തിലേക്ക് മറ്റ് ഏജൻസികൾ/പദ്ധതികൾ മുഖേന അനുവദിക്കപ്പെട്ട, ലഭിക്കാൻ സാധ്യതയുള്ള ഉപകരണങ്ങൾ (എം.പി/എം.എൽ.എ/തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ/ സന്നദ്ധസംഘടനകൾ, മുതലായവ) |

| ഡെസ്ക്ടോപ്പ് | ലാപ്ടോപ്പ് | പ്രൊജക്ടർ | പ്രിന്റർ | ടെലിവിഷൻ |
|---|---|---|---|---|
| | | | | |

| | | | |
|---|---|---|---|
| 7 | പ്രൈമറിവിഭാഗത്തിലേക്ക് പ്രത്യേക ബ്രോഡ്ബാന്റ് കണക്ടിവിറ്റി ലഭ്യമാണോ | ആണ് | അല്ല |
| 8 | ആണെങ്കിൽ സർവീസ് പ്രൊവൈഡർ ആര് | | |
| 9 | ബ്രോഡ്ബാന്റ് ഉപയോഗിക്കുന്നുണ്ടോ | ഉണ്ട് | ഇല്ല |
| 9.1 | ഉണ്ടെങ്കിൽ ഏത് ആവശ്യത്തിന് ഉപയോഗിക്കുന്നു | | |
| 10 | പ്രൈമറി ക്ലാസുകളിലെ വിശദാംശങ്ങൾ 'സമ്പൂർണ്ണ' യിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ | ഉണ്ട് | ഇല്ല |
| 11 | സ്കൂൾവിക്കി സജ്ജമാക്കിയിട്ടുണ്ടോ | ഉണ്ട് | ഇല്ല |

**തീയതി**

**പ്രഥമാധ്യാപകന്റെ/അധ്യാപികയുടെ പേരും ഒപ്പും**

## ***വിശദീകരണം***

**(എ)** ***വൈദ്യുതീകരിച്ചതും സുരക്ഷിതത്വമുള്ളതുമായ മുറികളുടെ എണ്ണം*** - ഓഫീസ്, സ്റ്റാഫ് റൂം ഉൾപ്പെടെ ഉപകരണങ്ങൾ സൂക്ഷിക്കുന്നതിനും കുട്ടികൾക്ക് ഉപയോഗിക്കുന്നതിനും ഏതെങ്കിലും ഒരു റൂമെങ്കിലും ലഭ്യമാണോ എന്നതാണ്. നാലോ അഞ്ചോ (അല്ലെങ്കിൽ പത്ത് വരെ) ലാപ്ടോപ്പുകൾ ചേർത്ത് ഒരു ലാബ് ഒരുക്കാൻ ചിലസ്കൂളുകളിലെ സ്റ്റാഫ് റൂമുകളിൽ സൗകര്യമുണ്ടാകാം. ഇപ്പോൾ അങ്ങനെ ചെയ്യുന്നവരും ഉണ്ടാകാം.(സുരക്ഷിതമായ മറ്റ് റൂമുകൾ ഇല്ലെങ്കിൽ) അതുകൊണ്ടാണ് മൊത്തത്തിലുള്ള എണ്ണം ശേഖരിക്കുന്നത്.

**(ബി)** ***വൈദ്യുതീകരിച്ചതും സുരക്ഷിതത്വം ഇല്ലാത്തതുമായ മുറികളുടെ എണ്ണം*** - അടച്ചുറപ്പില്ലാത്തതും തുറന്നു കിടക്കുന്നതുമായ ഹാളിൽ വൈദ്യുതി കണക്ഷൻ ഉണ്ടാകാം, വൈദ്യുതിയുള്ള കോൺക്രീറ്റ്/ സുരക്ഷിതമായ റൂമിലെ ഏതെങ്കിലും ജനലോ വാതിലോ ഇല്ലാത്തതോ, ബലക്കുറവുള്ളതോ ആകാം.

**(സി)** ***സുരക്ഷിതത്വമുള്ളതും വൈദ്യുതീകരിക്കാത്തതുമായ മുറികളുടെ എണ്ണം*** - പുതിയ കെട്ടിടമോ ക്ലാസ് മുറിയോ സുരക്ഷിതത്വമുള്ള മറ്റ് ക്ലാസ് മുറികളോ ആകാം. അത്തരം ക്ലാസ് മുറികൾ സ്കൂളിന്റെ ഉത്തരവാദിത്വത്തിൽ വൈദ്യുതീകരിച്ച് നൽകുന്നതിന് സ്കൂൾ അധികൃതർ സന്നദ്ധമാണോ എന്നാണ് അറിയേണ്ടത്. ഇത് 3 . 1 ൽ കൃത്യമാക്കേണ്ടതാണ്.

**(ഡി)** ***മറ്റുവിഭാഗത്തിൽ മുറികളുണ്ടെങ്കിൽ അവയുടെ എണ്ണം*** - സ്കൂളിലെ ആകെ മുറികളുടെ എണ്ണത്തിൽ എ, ബി, സി വിഭാഗങ്ങളിൽ ഉൾപ്പെടാത്തവയുണ്ടെങ്കിൽ മാത്രം രേഖപ്പെടുത്തേണ്ടതാണ്.

***നിലവിൽ സ്കൂളിൽ കമ്പ്യൂട്ടർ ലാബ് ഉണ്ടോ*** - സ്കൂളിൽ പ്രവർത്തനക്ഷമമായ കമ്പ്യൂട്ടർ ലാബ് ഉണ്ടോ, ഉണ്ടെങ്കിൽ അത് ***വൈദ്യുതീകരിച്ചതും സുരക്ഷിതത്വമുള്ളതുമായ റൂമിലാണോ, വൈദ്യുതീകരിച്ചതും സുരക്ഷിതത്വം ഇല്ലാത്തതുമായ സ്ഥലത്താണോ*** എന്ന് വ്യക്തമാക്കേണ്ടതാണ്.